1/2

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ്- ഭിന്നശേഷിയുള്ള ജീവനക്കാരെ അവശതയുടെ അടിസ്ഥാനത്തിൽ വേർതിരിക്കുന്നത് ഒഴിവാക്കണമെന്നാവശ്യപ്പെട്ട്കൊണ്ട് സമർപ്പിച്ച 43815/2023-ാം നമ്പർ റിട്ട്ഹർജിയിന്മേൽ ബഹു. ഹൈക്കോടതിയുടെ 08.01.2024 ലെ ഉത്തരവ് നടപ്പിലാക്കിക്കൊണ്ട് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥഭരണപരിഷ്കാര (എ.ആർ.14) വകുപ്പ്**

സ.ഉ.(കൈ) നം.4/2024/P&ARD തീയതി,തിരുവനന്തപുരം, 16-05-2024

---

പരാമർശം:-
1. 25.02.2017 ലെ സ.ഉ(പി) നമ്പർ 3/2017/ഉഭപവ
2. 29.08.2017 ലെ സ.ഉ(എം.എസ്) നമ്പർ 18/2017/ഉഭപവ
3. ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത 43815/23 നമ്പർ റിട്ട് ഹർജിയിന്മേലുള്ള 08.01.2024 ലെ വിധിന്യായം.
4. Differently Abled Employees Welfare Organisation ജനറൽ സെക്രട്ടറി ശ്രീമതി. കെ. ബിന്ദു, ശ്രീമതി. സ്വർണ്ണലത എസ്. എന്നിവർ സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2021-23) മുമ്പാകെ സമർപ്പിച്ച ഹർജി.
5. കേന്ദ്ര സർക്കാരിന്റെ Ministry of Social Justice And Empowerment 12/03/2024 തീയതിയായി പുറപ്പെടുവിച്ച S.O. 1338(E) നമ്പർ നോട്ടിഫിക്കേഷൻ

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 11 ൽ സ്ഥലംമാറ്റത്തിനും നിയമനത്തിനും വേണ്ടിയുള്ള ആവശ്യത്തിലേയ്ക്കായി പ്രത്യേക മുൻഗണന അർഹിക്കുന്ന പരിരക്ഷിക്കപ്പെട്ട പ്രഥമ ഗണനീയ വിഭാഗങ്ങൾ അനുബന്ധ പ്രകാരം നിശ്ചയിച്ച് ഉത്തരവായിരുന്നു. പ്രസ്തുത വിഭാഗങ്ങളിൽ 60% ന്മേൽ ഡിസ്സെബിലിറ്റി ഉള്ളവർക്ക് 5 വർഷത്തേയ്ക്ക് പൊതുസ്ഥലംമാറ്റത്തിന് സംരക്ഷണം നൽകുന്നതൊടൊപ്പം കാലാവധി അവസാനിക്കുമ്പോൾ 60% ന്മേൽ ഡിസ്സെബിലിറ്റി ഉള്ളവർ അവകാശവാദം ഉന്നയിച്ചാൽ മാത്രം സ്ഥലംമാറ്റം നടത്തിയാൽ മതിയാകും എന്നുകൂടി ചേർത്തുകൊണ്ട് പരാമർശം (2) പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) പ്രസ്തുത ഉത്തരവ് പ്രകാരം അവശതയുടെ അടിസ്ഥാനത്തിൽ ജീവനക്കാരെ തമ്മിൽ വേർതിരിക്കുന്നത് ഒഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് യുണൈറ്റഡ് പ്ലാറ്റ്ഫോം ഫോർ ദ റൈറ്റ്സ് ഓഫ് ദ ഡിഫറന്റ്ലി ഏബിൾഡ് (UPRD) സെക്രട്ടറി ശ്രീ. എ. ഷൺമുഖൻ, കേരള ബിവറേജസ് കോർപ്പറേഷൻ ലോവർ ഡിവിഷൻ ക്ലാർക്ക് ശ്രീ. പ്രശാന്ത് കെ, എന്നിവർ ബഹു. കേരള ഹൈക്കോടതി മുമ്പാകെ റിട്ട് ഹർജി നമ്പർ No.43815/23 ഫയൽ ചെയ്യുകയും ആയതിന്മേൽ 08.01.2024 തീയതിയിൽ ബഹു. കേരള ഹൈക്കോടതി പരാമർശം (3) പ്രകാരം വിധിന്യായം പുറപ്പെടുവിക്കുകയുമുണ്ടായി. പ്രസ്തുത ഉത്തരവിന്റെ ആനുകൂല്യം എല്ലാ ഭിന്നശേഷിക്കാർക്കും ലഭിക്കണമെന്നും പരാമർശം (4) പ്രകാരവും ആവശ്യപ്പെടുകയുണ്ടായി.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ഒരു വ്യക്തിയിൽ നിർദ്ദിഷ്ട വൈകല്യങ്ങൾ എത്രത്തോളം ഉണ്ടെന്ന് വിലയിരുത്തുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ കേന്ദ്ര

സർക്കാർ പരാമർശം (5) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദേശത്തിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് പ്രകാരം, ചുവടെ ചേർക്കുന്ന വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തി പരാമർശം (2) ലെ ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

i. ഭിന്നശേഷിയുള്ള ഒന്നിൽ കൂടുതൽ വ്യക്തികൾ ഒരേ തസ്തികയിലേക്ക് അപേക്ഷിക്കുന്നപക്ഷം അവശത കൂടുതലുള്ളയാളിനെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി സ്ഥലംമാറ്റം നൽകാൻ വകുപ്പ് തലവന് അനുമതി നൽകുന്നു.

ii. ഇത്തരം വ്യക്തികൾക്ക് 5 വർഷം കഴിയുന്ന മുറയ്ക്ക് തൊട്ടടുത്ത സ്റ്റേഷനിലേക്കോ, തൊട്ടടുത്ത സ്റ്റേഷനിൽ ഒഴിവ് ഇല്ലാത്തപക്ഷം തൊട്ടടുത്ത ജില്ലയിലേക്കോ സ്ഥലം മാറ്റം നൽകാനും വ്യവസ്ഥ ചെയ്യാവുന്നതാണ്.

4) പരാമർശം (2) ലെ ഉത്തരവ് മേൽപ്പറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

5) ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം (3) വിധിന്യായം ഇപ്രകാരം നടപ്പിലാക്കിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്ക്/പ്രിൻസിപ്പൽ സെക്രട്ടറിമാർക്ക്/ സെക്രട്ടറിമാർക്ക്/ സ്പെഷ്യൽ സെക്രട്ടറിമാർക്ക്/ സെക്രട്ടേറിയറ്റിലെ എല്ലാ ഓഫീസർമാർക്കും

എല്ലാ വകുപ്പുമേധാവികൾക്കും ഓഫീസുകൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
സെക്രട്ടേറിയറ്റിലെ ധനകാര്യം, നിയമം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും എല്ലാ സെക്ഷനുകൾക്കും
രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ/മഹാത്മാഗാന്ധി/ശ്രീ.ശങ്കരാചാര്യസംസ്കൃത സർവ്വകലാശാല /കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി (ആമുഖകത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം. (ആമുഖകത്ത് സഹിതം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം. (ആമുഖകത്ത് സഹിതം)
മാനേജിഗ് ഡയറക്ടർ, കേരള സംസ്ഥാന ഗതാഗത കോർപ്പറേഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, ഹൈക്കോടതി, എറണാകുളം. (ആമുഖകത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്,തിരുവനന്തപുരം
പ്രതിപക്ഷനേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്
മുഖ്യമന്ത്രിയുടേയും മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ ഒ.എസ്സ്.ഡിയ്ക്ക്
ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും പത്രമാധ്യമങ്ങൾക്ക് നൽകുന്നതിനുമായി)

ഉത്തരവിൻ പ്രകാരം

Signed by
Aravind c.m
സെക്ഷൻ ഓഫീസർ
Date: 17-05-2024 10:38:23